**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2870** **10-03-2025 - ൽ മറുപടിയ്ക്ക്**

**നാട്ടാനകളുടെയും കാട്ടാനകളുടെയും ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടയിൽ (2020-2025) നാട്ടാനകളുടെയും കാട്ടാനകളുടെയും ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | 2020 മുതൽ 2025 ജനുവരി വരെ നാട്ടാനകൾ മൂലവും കാട്ടാനകളുടെ മുന്നിൽപ്പെട്ടുള്ള അപകടത്തിലും മരണമടഞ്ഞവരുടെ ജില്ലതിരിച്ചുള്ള എണ്ണം അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | നാട്ടാനകളുടെയും കാട്ടാനകളുടെയും ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർക്ക് മേൽപ്പറഞ്ഞ കാലയളവിൽ എത്ര രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | നാട്ടാനകളുടെ ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം ആന ഉടമകളിൽ നിക്ഷിപ്തമായതിനാൽ വനം വകുപ്പ് സാമ്പത്തികസഹായം ഒന്നും നൽകുന്നില്ല. കാട്ടാനയുടെ മുന്നിൽപ്പെട്ടുള്ള അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 2020 മുതൽ 2025 വരെ നൽകിയിട്ടുള്ള നഷ്ടപരിഹാരം അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) | നാട്ടാനകളുടെയും കാട്ടാനകളുടെയും ആക്രമണങ്ങൾ തടയുന്നതിന് വനം വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | നാട്ടാനകളുടെ ആക്രമണങ്ങൾ തടയുന്നതിന് ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനിക്കപ്പെട്ട നിബന്ധനങ്ങൾക്ക് വിധേയമായും 2012 ലെ നാട്ടാന പരിപാലന ചട്ടത്തിന് അനുസരിച്ചും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്റ്റി വിഭാഗം നടപടി സ്വീകരിച്ചുവരുന്നു. ആനയുടെ ആരോഗ്യം, പരിചരണം, പരിപാലനം, പരിപാലന ചട്ടം എന്നീ വിഷയങ്ങളിൽ പരിചയസമ്പന്നരായ വെറ്റിറിനറി ഡോക്ടർമാരുടെ നേതൃത്വത്തിൽ ആന പാപ്പാന്മാർ, ആന ഉടമസ്ഥർ, വിവിധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവർക്ക് ശാസ്ത്രീയ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. നാട്ടാന പരിപാലന നിയമത്തിന്റെ ലംഘനത്തെ തുടർന്ന് 2016 മുതൽ നാളിതുവരെ 186 OR കേസുകൾ രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. നാട്ടാന പരിപാലന നിയമം കർശനമായി നടപ്പാക്കുന്നതിന് വനം വകുപ്പിന്റെ സാമൂഹിക വനവത്കരണ വിഭാഗം ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>കാട്ടാനകളുടെ ആക്രമണങ്ങൾ തടയുന്നതിന് വനം |

വകുപ്പ് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
1. "മിഷൻ സോളാർ ഫെൻസിംഗ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിംഗുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന കർമ്മ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.
2. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ സോളാർ ഹാംഗിങ്ങ് ഫെൻസിംഗും 10 കി.മീ റെയിൽ ഫെൻസിംഗും 0.11 കി.മീ അയൺ ഫെൻസിംഗും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.
3. പ്രതിരോധ നിർമ്മിതിയായ ആനക്കിടങ്ങ് (Elephant Proof Trench) 69.07 കി.മീ ദൈർഘ്യത്തിലും 1.92 കി.മീ ദൈർഘ്യത്തിൽ എലിഫന്റ് പ്രൂഫ് വാൾ-ഉം 1.58 കി.മീ. ദൈർഘ്യത്തിൽ സ്റ്റോൺ വാളും 2.09 കി.മീ. ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാലയും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്.
4. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ചെ XXVII ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടേയും, ട്രാഞ്ചെ XXIX ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടേയും പ്രവർത്തികൾ നിർമാണ പുരോഗതിയിലാണ്.
5. മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിംഗും, പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിംഗും അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗും നടത്തുന്നുണ്ട്.
6. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT കൾ അടക്കം സംസ്ഥാനത്ത് ഉടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.
7. സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന RRT കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച

പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചത് സർക്കാരിന്റെ പരിഗണനയിലാണ്.

8. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചു വരുന്നുണ്ട്.

10. ജനവാസ മേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്റ്റ ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

11. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേഴ്സ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

12. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽ നിന്ന് മാറിതാമസിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

13. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം, തുടങ്ങിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.

14. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>15. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള-നിർദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തു-കയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>16. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖല-കളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. |
| (ഡി) | നാട്ടാനകളുടെയും കാട്ടാനകളുടെയും ആക്രമണങ്ങൾ തടയുന്നതിന് വേണ്ടിയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ അഞ്ചു വർഷക്കാലം (2020-2025) എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇത് ഏതെല്ലാം പ്രവർത്തനങ്ങൾക്കാണെന്നും വിശദമാക്കുമോ? | (ഡി) | നാട്ടാനകളുടെ ആക്രമണം തടയുന്നതിനു വേണ്ടിയുള്ള വിവിധ ബോധവൽക്കരണ പരിപാടികൾക്കായി 2020-25 കാലയളവിൽ 2.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>ജനവാസമേഖലകളിലേക്ക് കാട്ടാനകൾ പ്രവേശിക്കാതിരിക്കാൻ വേണ്ടിയുള്ള പ്രതിരോധ നിർമ്മിതികൾക്കായി കഴിഞ്ഞ അഞ്ചു വർഷക്കാലം (2020-2025) ചെലവഴിച്ച തുകയും പ്രവർത്തനങ്ങളും അനുബന്ധം (3) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| ക്രമ നം. | ജില്ല | കാട്ടാനയുടെ മുന്നിൽപ്പെട്ടുള്ള അപകടത്തിൽ മരണപ്പെട്ടവർ | നാട്ടാനകൾ കാരണം മരണപ്പെട്ടവർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 3 |
| 2 | കൊല്ലം | 1 | – |
| 3 | പത്തനംതിട്ട | 3 | – |
| 4 | ആലപ്പുഴ | 0 | 2 |
| 5 | കോട്ടയം | 0 | 2 |
| 6 | ഇടുക്കി | 23 | 1 |
| 7 | എറണാകുളം | 3 | – |
| 8 | തൃശ്ശൂർ | 13 | 3 |
| 9 | പാലക്കാട് | 26 | 5 |
| 10 | മലപ്പുറം | 10 | 1 |
| 11 | കോഴിക്കോട് | – | 3 |
| 12 | വയനാട് | 20 | 0 |
| 13 | കണ്ണൂർ | 10 | 0 |
| 14 | കാസർഗോഡ് | 0 | 0 |
|  | **ആകെ** | **111** | **20** |

**അനുബന്ധം - 2**

| ക്രമ നം. | ജില്ല | വിതരണം ചെയ്തിട്ടുള്ള നഷ്ടപരിഹാരത്തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 15.50 |
| 2 | കൊല്ലം | 5.50 |
| 3 | പത്തനംതിട്ട | 10.00 |
| 4 | ആലപ്പുഴ | – |
| 5 | കോട്ടയം | 0.00 |
| 6 | ഇടുക്കി | 210.00 |
| 7 | എറണാകുളം | 15.00 |
| 8 | തൃശ്ശൂർ | 115.00 |
| 9 | പാലക്കാട് | 217.63 |
| 10 | മലപ്പുറം | 90.00 |
| 11 | കോഴിക്കോട് | – |
| 12 | വയനാട് | 180.00 |
| 13 | കണ്ണൂർ | 95.00 |
| | **ആകെ** | 953.63 |

**<u>അനുബന്ധം - 3</u>**

| ക്രമ നം. | പ്രവൃത്തി | വർഷം | | | | |
|---|---|---|---|---|---|---|
| | | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 (28-02-2025) |
| 1. | സോളാർ വേലി | 483.940 | 326.130 | 268.597 | 225.895 | 651.1473 |
| 2. | സോളാർ തൂക്കുവേലി | 42.100 | 53.400 | 271.330 | 42.758 | 754.06 |
| 3. | ആനക്കിടങ്ങ് | 170.950 | 96.750 | 90.690 | 39.820 | 96.774 |
| 4. | ആനപ്രതിരോധ മതിൽ | 44.490 | 3.1500 | 0.00 | 2.460 | 45.19 |
| 5. | കൽമതിൽ | 0.00 | 4.280 | 0.00 | 0.00 | 6.01 |
| 6. | ചുറ്റമതിൽ / കയ്യാല | 1.920 | 2.710 | 12.380 | 0.00 | 1.86 |
| 7. | ഇരുമ്പുവേലി | 0.00 | 0.00 | 3.850 | 0.00 | 0.00 |
| 8. | മറ്റുള്ളവ | 5.600 | 0.00 | 0.00 | 0.00 | 0.00 |
| **ആകെ ചെലവായ തുക (ലക്ഷത്തിൽ)** | | **749.00** | **486.42** | **646.847** | **310.933** | **1555.0413** |